**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1358** **18-01-2021 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ ദാസൻ | | **Shri E. Chandrasekharan**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ അടുത്തായി നടപ്പിലാക്കിയ മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏർപ്പെടുത്തിയ സംവരണാനുകൂല്യം ലഭിക്കുന്നതിനായി ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കികൊണ്ട് 12.02.2020 ൽ സ.ഉ.(എം.എസ്) നം. 02/2020/ ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് 03/03/2020 ലെ സ.ഉ. (എം.എസ്) നം. 5/2020/ ഉ.ഭ.പ.വ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്കായി 14.03.2019 ൽ G.O(MS) No. 52/19/GAD നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ മുമ്പേ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം സംവരണം ലഭിയ്ക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. 1. അപേക്ഷകന്റെ കുടുംബത്തിന് 5 ഏക്കറിൽ കൂടുതൽ കൃഷി ഭൂമി ഉണ്ടാവാൻ പാടില്ല. 2. 1000 സ്ക്വയർ ഫീറ്റിൽ താഴെയുള്ള വീട് ആയിരിക്കണം. 3. നോട്ടിഫൈഡ് മുൻസിപ്പാലിറ്റിയിൽ 100 സ്ക്വയർ യാർഡിൽ താഴെയും നോട്ടിഫൈഡ് അല്ലാത്ത മുൻസിപ്പാലിറ്റിയിൽ 200 സ്ക്വയർ യാർഡിൽ താഴെയും വസ്തു മാത്രമേ ഉണ്ടാവാൻ പാടുള്ളു എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കികൊണ്ടുള്ള ഉത്തരവുകളിൽ ചുവടെ പറയും പ്രകാരമുള്ള മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നു. 1. അപേക്ഷകർ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നീ സംവരണ വിഭാഗത്തിൽപ്പെടാത്തവരായിരിക്കണം. 2. അപേക്ഷകൻ/ അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/ സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ, എന്നിവർ സാമ്പത്തിക സംവരണത്തിന് അർഹരായവവരുടെ ' |

| | | | |
|---|---|---|---|
| | | | കുടുംബം' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നു. കുട്ടികൾ എന്നതിൽ ദത്തെടുത്ത കുട്ടികളും ഉൾപ്പെടുന്നു. 3. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം നാല് ലക്ഷം രൂപയോ, അതിൽ താഴെയോ ആയിരിക്കണം. കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ ചുവടെ ചേർക്കുന്നവ ഒഴികെയുള്ള മറ്റെല്ലാ വരുമാനവും പരിഗണിക്കേണ്ടതാണ്. 1. മുനിസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ പരിധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഹൗസ് പ്ലോട്ടുകളിൽ നിന്നുള്ള കാർഷിക വരുമാനം. 2. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 3. കുടുംബ പെൻഷൻ 4. തൊഴിലില്ലായ്മ വേതനം 5. ഉത്സവബത്ത 6. വിരമിക്കൽ ആനുകൂല്യങ്ങൾ 7. യാത്രാബത്ത 4. അപേക്ഷകന്റെ കുടുംബ ഭൂസ്വത്ത് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളാണെങ്കിൽ 2.5 ഏക്കറിലും മുനിസിപ്പൽ പ്രദേശങ്ങളിലാണെങ്കിൽ 75 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണെങ്കിൽ 50 സെന്റിലും അധികരിക്കാൻ പാടില്ല. 5. ഗ്രമാപഞ്ചായത്ത് പ്രദേശങ്ങളിലും, മുനിസിപ്പൽ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂ വിസ്തൃതി 2.5 ഏക്കറിൽ അധികരിക്കാൻ പാടില്ല. 6. മുൻസിപ്പൽ പ്രദേശങ്ങളിലും മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 75 സെന്റിൽ അധികരിക്കാൻ പാടില്ല 7. ഭൂവിസ്തൃതി കണക്കാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഭൂമി കണക്കിലെടുക്കുന്നതാണ്. 8. ഭൂമി (Land) എന്നതിൽ എല്ലാത്തരം ഭൂമിയും ഉൾപ്പെടും. 9. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ ഹൗസ് പ്ലോട്ടിന്റെ വിസ്തൃതി മുനിസിപ്പൽ പ്രദേശങ്ങളിൽ 20 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 15 സെന്റിലും അധികരിക്കാൻ പാടില്ല. |
| (ബി) | ഏത് അധികാരിയിൽ നിന്നും ലഭ്യമാക്കിയ സർട്ടിഫിക്കറ്റാണ് ഈ ആനുകൂല്യം ലഭിക്കാനായി ഹാജരാക്കേണ്ടത്; വിശദമാക്കാമോ; | (ബി) | മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് 10% സംവരണം ലഭ്യമാക്കുന്നതിന്, സംസ്ഥാനാവശ്യത്തിന് വില്ലേജ് ഓഫീസറിൽ നിന്നും കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്ക് തഹസീൽദാരിൽ നിന്നുമാണ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടത്. |
| (സി) | ഈ സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുമ്പോൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | അപേക്ഷകന്റെയും മാതാപിതാക്കളുടെയും സ്കൂൾ സർട്ടിഫിക്കറ്റ്, കരം അടച്ച രസീത്, റേഷൻ കാർഡ്, മാതാപിതാക്കൾ ജോലി ഉള്ളവരാണെങ്കിൽ അവരുടെ ശമ്പള സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളും കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തു |

| | | | |
|---|---|---|---|
| | | | വകകളുടെ വിശദാംശങ്ങൾ എന്നിവ കൂടാതെ നിശ്ചിത ഫോറത്തിൽ ഒരു സത്യവാങ്മൂലവും അപേക്ഷകർ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ